(ഡി) പദ്ധതി നടത്തിപ്പിനായി 9 ജില്ലകളിലായി 10 ഷെൽട്ടർ ഹോമുകൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളം, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ 3 സന്നദ്ധ സംഘടനകൾക്കും തിരുവനന്തപുരം, മലപ്പുറം, ഇടുക്കി, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ ജില്ലകളിൽ കേരള മഹിളാ സമഖ്യ സൊസൈറ്റിക്കും ഹോമുകളുടെ മേൽനോട്ട ചുമതല നൽകിയിട്ടുണ്ട്. തിരുവനന്തപുരം, വയനാട്, തൃശ്ശൂർ ജില്ലകളിലെ ഹോമുകൾ ഒഴികെ മറ്റെല്ലാ ജില്ലകളിലും വാടക കെട്ടിടങ്ങളിലാണ് ഹോമുകൾ പ്രവർത്തിക്കുന്നത്. 10 ഷെൽട്ടർ ഹോമുകളിലേക്കും മതിയായ ജീവനക്കാരെ തെരഞ്ഞെടുത്തിട്ടുണ്ട്. ഷെൽട്ടർ ഹോം ജീവനക്കാർക്ക് 4 ഘട്ടമായി പരിശീലന പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പാവപ്പെട്ടവരുടെ പെൺമക്കൾക്കുള്ള വിവാഹത്തിന് ധനസഹായം

259 (3239) ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസുരക്ഷാ മിഷൻ വഴി പാവപ്പെട്ടവരുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(ബി) 2013-14, 2014-15 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര പേർക്ക് വിവാഹ ധനസഹായം അനുവദിച്ചുവെന്നും എത്ര തുക അനുവദിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(സി) കോഴിക്കോട് ജില്ലയിൽ പ്രസ്തുത വർഷങ്ങളിൽ എത്ര പേർക്ക് എത്ര തുക വീതം അനുവദിച്ചുവെന്ന് പൂർണ്ണമായ മേൽവിലാസ സഹിതം അറിയിക്കുമോ ;

(ഡി) പ്രസ്തുത ധനസഹായം തുടർന്ന് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പിലാക്കിയിരുന്ന പദ്ധതിയാണ് പ്രത്യാശ വിവാഹ ധനസഹായ പദ്ധതി. 22 വയസ്സ് പൂർത്തിയായ 60,000 രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ളവർക്ക് വിവാഹത്തിന് മുമ്പ് ധനസഹായത്തിനായി അപേക്ഷിക്കാവുന്നതാണ്. നിത്യരോഗികളായവർ, അംഗപരിമിതർ, സ്ത്രീകൾ മാത്രമുള്ള കുടുംബം എന്നീ കുടുംബങ്ങളിലെ അപേക്ഷകൾക്ക് മുൻഗണന നൽകിവരുന്നു. മിഷൻ നിയോഗിക്കുന്ന കോ-ഓർഡിനേറ്റർ സ്ഥലം സന്ദർശിച്ച് നടത്തുന്ന സാമ്പത്തിക സാമൂഹിക വിശകലന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം അനുവദിക്കുന്നത്.

994/2018

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരള സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട്സും സംയുക്തമായി ചേർന്ന് നടപ്പാക്കിയിരുന്ന പ്രത്യാശ വിവാഹ ധനസഹായ പദ്ധതി 2000 പേർക്കായി നിജപ്പെടുത്തിയിട്ടുണ്ട്. 2013-14 വർഷത്തിൽ സംസ്ഥാനത്ത് 1647 പേർക്ക് 4,11,75,000 രൂപയും 2014-15 വർഷത്തിൽ 353 പേർക്ക് 88,25,000 രൂപയും ധനസഹായമായി അനുവദിച്ചിട്ടുണ്ട്.

(സി) കോഴിക്കോട് ജില്ലയിൽ 386 പേർക്ക് 25,000 രൂപ വീതം സാമൂഹ്യ സുരക്ഷാ മിഷനും മലബാർ ഗോൾഡ് & ഡയമണ്ട് എന്ന കമ്പനിയും ചേർന്ന് ആകെ 1,93,00,000 രൂപ അനുവദിച്ചിട്ടുണ്ട്. അർഹരായവരുടെ മേൽവിലാസം അനുബന്ധമായി ചേർക്കുന്നു.*

(ഡി) പൊതു സ്വകാര്യ പങ്കാളിത്തത്തോടുകൂടിയാണ് പദ്ധതി നടപ്പിലാക്കിയത്. പദ്ധതിക്ക് അനുവദിച്ച തുക പൂർണ്ണമായും ഉപയോഗിച്ച് കഴിഞ്ഞതിനാൽ നിലവിൽ ധനസഹായം നൽകുന്നില്ല. പുതിയ പ്രായോജകരെ കണ്ടെത്തുന്ന മുറയ്ക്ക് പദ്ധതി പുനരാരംഭിക്കുന്നതാണ്.

ഷീ ടാക്സി

260 (3240) **ശ്രീ. കെ. എം. ഷാജി :**
ശ്രീ. പി. ബി. അബ്ദുൾ റസാക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനം ആവിഷ്കരിച്ച ഷീ ടാക്സി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ അതുസംബന്ധിച്ച വിശദവിവരം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ എത്ര ഗുണഭോക്താക്കളുണ്ടെന്ന് (ഷീ ടാക്സി ഓടിക്കുന്നവർ) വ്യക്തമാക്കുമോ ;

(സി) ഗുണഭോക്താക്കൾക്ക് കൂടുതൽ വരുമാനം ഉറപ്പാക്കാൻ ഉതകുന്ന പരിഷ്കരണ നടപടികൾ പരിഗണനയിലുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനം ആവിഷ്കരിച്ച ഷീ ടാക്സി പദ്ധതിയുടെ പ്രവർത്തനം അവലോകനം ചെയ്തിട്ടില്ല.

(ബി) പ്രസ്തുത പദ്ധതിയിൽ നിലവിൽ ഷീ ടാക്സി ഓടിക്കുന്ന 45 ഗുണഭോക്താക്കളുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly